## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : **6548**

**09.07.2014**- ലെ മറുപടിക്ക്

## <u>വായ്പകളുടെ തിരിച്ചടവ്</u>

**<u>ചോദ്യം</u>**

**ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ**
**,, വർക്കല കഹാർ**
**,, സണ്ണി ജോസഫ്**
**,, പി.സി. വിഷ്ണുനാഥ്**

**<u>മറുപടി</u>**

**ശ്രീ. സി.എൻ. ബാലകൃഷ്ണൻ**
(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി)

എ) സഹകരണ സംഘങ്ങളും സഹകരണ ബാങ്കുകളും നൽകി വരുന്ന വായ്പകളിലെ കൃത്യമായ തിരിച്ചടവ് കുറഞ്ഞുവരികയാണെന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ;

(എ) സഹകരണ സംഘങ്ങളും സഹകരണ ബാങ്കുകളും നൽകി വരുന്ന വായ്പകളിലെ കൃത്യമായ തിരിച്ചടവ് കുറഞ്ഞുവരികയാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ മത്സ്യത്തൊഴിലാളി കടാശ്വാസ പദ്ധതി, പട്ടികജാതി പട്ടിക വർഗ്ഗ പരിവർത്തിത ക്രൈസ്തവ വിഭാഗക്കാരുടെ വായ്പ എഴുതി തള്ളൽ പദ്ധതി, കാർഷിക കടാശ്വാസ പദ്ധതി എന്നീ പദ്ധതികളിൽ ഉൾപ്പെട്ട വായ്പകളിലെ തിരിച്ചടവിൽ കുറവ് വന്നിട്ടുണ്ട്.

ബി) ഇതിന്റെ പ്രധാന കാരണങ്ങൾ എന്തെല്ലാ മാണെന്ന് വിലയിരുത്തിയിട്ടുണ്ടോ ;

(ബി) മത്സ്യത്തൊഴിലാളി കടാശ്വാസ പദ്ധതി, പട്ടികജാതി പട്ടിക വർഗ്ഗ പരിവർത്തിത ക്രൈസ്തവ വിഭാഗക്കാരുടെ വായ്പ എഴുതി തള്ളൽ പദ്ധതി, കാർഷിക കടാശ്വാസ പദ്ധതി എന്നിങ്ങനെയുള്ള പദ്ധതികളിൽ ഉൾപ്പെട്ട വായ്പകളിലെ തിരിച്ചടവ് കുറയുന്നതായി വിലയിരുത്തിയിട്ടുണ്ട്.

സി) ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്ന തെന്ന് വ്യക്തമാക്കുമോ ?

(സി) പദ്ധതികളിൽ ഉൾപ്പെട്ട വായ്പകൾക്ക് അവനുവദിച്ച തുക യഥാസമയം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

**സെക്ഷൻ ഓഫീസർ**